പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1512

21-3-2012 ൽ
മറുപടിക്ക്

ശ്രീമതി ഷീബയുടെ നിയമനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. മോൻസ് ജോസഫ് | | ശ്രീ. കെ.സി. ജോസഫ് ( ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പുമന്ത്രി) |
| എ) | സർക്കാർ സ്ഥാപനമായ സിഡിറ്റ്, ആർക്കൈവ്സ് ഡയറക്ടറേറ്റിന്റെ എത്ര പ്രോജക്ടുകൾ ഏറ്റെടുത്ത് നടത്തുന്നുവെന്ന് അറിയിക്കാമോ; | എ) | ആർക്കൈവ്സിന്റെ 2 പ്രോജക്ടുകൾ സി-ഡിററ് നടത്തിവരുന്നു.<br>(1) ചുരുണ ഡിജിറൈറസേഷൻ രണ്ടാം ഘട്ടം<br>(2) ഇൻഡക്സ് രജിസ്റ്റർ ഡാററാബേസ് ക്രിയേഷൻ |
| ബി) | ആർക്കൈവ്സ് ഡയറക്ടറേറ്റിൽ പ്രോജക്ട് സൂപ്പർവൈസറെ നിയമിക്കുമ്പോൾ എത്ര പ്രോജക്ടുകൾ നിലവിലുണ്ടായിരുന്നു. | ബി) | മൂന്നു പ്രോജക്റ്റുകൾ<br>(1) ഹിസ്റ്റോറിക്കൽ ഡോക്യുമെന്റ്സ് ഡിജിറൈറസേഷൻ<br>(2) ചുരുണ ഡിജിറൈറസേഷൻ ഒന്നാം ഘട്ടം<br>(3) അപൂർവ്വ പുസ്തകങ്ങളുടെ ഡിജിറൈറസേഷൻ |
| സി) | ഇപ്പോഴത്തെ പ്രോജക്ട് സൂപ്പർവൈസർ ആയ ശ്രീമതി. ഷീബയ്ക്ക് പ്രസ്തുത പ്രോജക്ടുകളായ ചുരുണ ക്ലീനിംഗ്, ചുരുണ റീഡിംഗ്, ഡിജിറ്റലൈസേഷൻ, സ്കാനിംഗ്, ട്രാൻസിലേഷൻ, ഇന്റക്സ് രജിസ്റ്റർ തയ്യാറാക്കൽ എന്നിവയിൽ ഏതെങ്കിലും പ്രവർത്തി പരിചയമോ അക്കാദമിക്ക് പരിചയമോ ഉണ്ടോ; | സി) | ആർക്കൈവൽ വസ്തുക്കൾ ഡിജിറ്റലൈസ് ചെയ്യുമ്പോൾ ഗുണനിലവാരം ഉറപ്പുവരുത്തലാണ് സി-ഡിററ് നിയോഗിച്ചിട്ടുള്ള പ്രോജക്റ്റ് സൂപ്പർവൈസറുടെ ചുമതല. ഇതിനാവശ്യമായ പ്രവൃത്തി പരിചയവും വൈദഗ്ധ്യവും ശ്രീമതി. ഷീബയ്ക്കുണ്ട്. |
| ഡി) | ഒരു മാനദണ്ഡവുമില്ലാതെ ഇവർക്കു വേണ്ടി പോസ്റ്റ് ക്രിയേറ്റ് ചെയ്ത് യാതൊരു ജോലിയും ചെയ്യാതെ ശമ്പളം നൽകുന്നതിനെക്കുറിച്ച് അന്വേഷിക്കുമോ; | ഡി) | ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ 2001-ൽ സി-ഡിററിൽ നിയമിക്കപ്പെട്ട ശ്രീമതി. ഷീബയെ 2010 ജനുവരി മുതൽ ഈ പ്രോജക്റ്റിലെ സൂപ്പർവൈസറുടെ ചുമതല നൽകുകയാണ് ചെയ്തിട്ടുള്ളത്. ഇതിനായി പുതിയ തസ്തിക സൃഷ്ടിച്ചിട്ടില്ല. |

ശ്രീമതി. ഷീബ കൃത്യമായി ഓഫീസിൽ ഹാജരാകുന്നില്ലെന്നും പ്രസ്തുത ജോലികൾക്കു മേൽനോട്ടം വഹിക്കാൻ യോഗ്യതയുള്ള വ്യക്തിയല്ലെന്നുമുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ഇ) ഇത്തരത്തിൽ ഒരു പരാതി നാളിതുവരെ ലഭിച്ചിട്ടില്ല.

എഫ്) നിലവിൽ ആർക്കൈവ്സിൽ ഉണ്ടായിരുന്ന പ്രോജക്ടുകൾ ഭൂരിഭാഗവും സെൻട്രൽ ആർക്കൈവ്സിലേയ്ക്ക് മാറ്റുകയും സ്കാനിംഗ്, ഇന്റക്സ് രജിസ്റ്റർ എന്നീ പീസ്‌വർക്കുകൾ മാത്രം ഉണ്ടായിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പതിനായിരം രൂപ മാസ ശമ്പളത്തിൽ യോഗ്യതയൊന്നുമില്ലാത്ത ശ്രീമതി. ഷീബയെ മുഴുവൻ സമയ സൂപ്പർവൈസറായി നിലനിർത്തിയിരുക്കുന്നതിനെ കുറിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കുമോ?

എഫ്) ചുരുണ ഡിജിറ്റൈസേഷൻ രണ്ടാം ഘട്ടം പ്രോജക്ടിന്റെ പൂർത്തീകരണ ചുമതലയാണ് ശ്രീമതി. ഷീബയെ ഏൽപ്പിച്ചിട്ടുള്ളത്. ഇത് സി-ഡിററ് തന്നെയാണ് ചെയ്യുന്നത്. അതിനാൽ നടപടിയുടെ പ്രശ്നം ഉദിക്കുന്നില്ല.

സെക്ഷൻ ഓഫീസർ